പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3593 08.11.2019-ലെ മറുപടിക്ക്

## കരുനാഗപ്പള്ളി ഡിപ്പോയിലെ സർവ്വീസുകൾ

ചോദ്യം

ശ്രീ.ആർ. രാമചന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസ് സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഒരു സൂപ്പർഫാസ്റ്റ് സർവ്വീസും, 11 ഫാസ്റ്റ് പാസഞ്ചർ സർവ്വീസും, 52 ഓർഡിനറി സർവ്വീസും ഉൾപ്പെടെ 64 ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ 2019 ജനുവരി ഒന്നിനു ശേഷം നിർത്തലാക്കിയ ഷെഡ്യൂളുകളുടെ പട്ടിക ലഭ്യമാക്കുമോ; | (ബി) | 2019 ജനുവരി 1-ന് ശേഷം 05.40 തൃശ്ശൂർ, 07.10 തൃശ്ശൂർ എന്നീ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്തിട്ടുണ്ട്. കൃത്യമായ സമയ ക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായാണ് ടി ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇവിടെ നിന്നും പിൻവലിച്ച ദീർഘദൂര ബസുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഏതെല്ലാം ബസുകൾ മറ്റ് ഡിപ്പോകൾക്ക് കൈമാറിയെന്ന് വിശദമാക്കുമോ; | (സി) | RPC 426 - പത്തനാപുരം<br>RPK 46 – തിരുവനന്തപുരം സെൻട്രൽ<br>RPE 52 – നെയ്യാറ്റിൻകര |
| (ഡി) | ഡ്രൈവർമാരുടെ ക്ഷാമം മൂലം ദിവസേന ശരാശരി എത്ര ഷെഡ്യൂളുകൾ പിൻവലിക്കുന്നുവെന്ന് വിശദമാക്കുമോ? | (ഡി) | ഡ്രൈവർമാരുടെ ക്ഷാമം മൂലം കരുനാഗപ്പള്ളി യൂണിറ്റിൽ നിന്നും ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ